# ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 23.01.2025**

### പ്രധാനവാർത്തകൾ

1. ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചകൾ നിയമസഭയിൽ പൂർത്തിയായി. സർക്കാരിന്റെ ഭരണനേട്ടങ്ങൾ വിശദീകരിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. എന്തു പ്രഖ്യാപിച്ചാലും നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥയിലാണ് കേരളമെന്ന് പ്രതിപക്ഷനേതാവ് വി.ഡി സതീശൻ.

2. കോവിഡ് കാലത്ത് കൂടിയ തുകയ്ക്ക് പിപിഇ കിറ്റ് വാങ്ങിയെന്ന സിഎജി റിപ്പോർട്ട് തള്ളി ആരോഗ്യമന്ത്രി വീണാ ജോർജ്. പിപിഇ കിറ്റ് ദൗർലഭ്യം പരിഹരിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിച്ചതെന്ന് മന്ത്രി.

3. റിപ്പബ്ലിക് ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യതലസ്ഥാനം. ഫുൾഡ്രസ് റിഹേഴ്സൽ കർത്തവ്യപഥിൽ ഇന്ന് നടന്നു.

4. സംസ്ഥാന സ്കൂൾ കായിക മേളയുടെ സമാപന ചടങ്ങിലെ അനിഷ്ട സംഭവങ്ങളെ തുടർന്ന്, രണ്ട് സ്കൂളുകൾക്ക് ഏർപ്പെടുത്തിയ വിലക്ക് നീക്കി ഒരാഴ്ചയ്ക്കകം ഉത്തരവിറക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി.

RNU TVPM

5. 38-ാമത് ദേശീയ ഗെയിംസിന്റെ ഉദ്ഘാടന ചടങ്ങിൽ അന്താരാഷ്ട്ര ബാസ്കറ്റ്ബാൾ താരം പി.എസ് ജീന കേരളത്തിനായി പതാകയേന്തും.

6. രഞ്ജി ട്രോഫി ക്രിക്കറ്റ് ഗ്രൂപ്പ് മത്സരത്തിൽ മധ്യപ്രദേശിനെതിരെ ശക്തമായ നിലയിൽ കേരളം.

=====================================

ഹെഡ്ലൈൻ-1

മുഖ്യമന്ത്രി - നിയമസഭ (ഇൻട്രോ)

ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ചകൾ നിയമസഭയിൽ പൂർത്തിയായി. മുഖ്യമന്ത്രി പിണറായി വിജയൻ ചർച്ചകൾക്ക് മറുപടി നൽകി. സർക്കാരിന്റെ ഭരണനേട്ടങ്ങൾ എണ്ണിപ്പറഞ്ഞുകൊണ്ടായിരുന്നു മുഖ്യമന്ത്രിയുടെ മറുപടി. കേരളത്തെ വ്യവസായ നിക്ഷേപ സൗഹൃദമാക്കി മാറ്റിയെടുക്കാനും ഐടി മേഖലയിൽ വൻ നേട്ടമുണ്ടാക്കാനും സംസ്ഥാന സർക്കാരിന് സാധിച്ചതായി മുഖ്യമന്ത്രി പറഞ്ഞു. ആരോഗ്യമേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും, ലൈഫ് മിഷനിലൂടെ ഭവനരഹിതർക്ക് വീടുകൾ ഉറപ്പുവരുത്താനും എൽ.ഡി.എഫ് സർക്കാരിനായി. വിഴിഞ്ഞം പദ്ധതി 2028 ൽ യാഥാർത്ഥ്യമാകുമെന്ന പ്രതീക്ഷയും മുഖ്യമന്ത്രി പങ്കുവച്ചു.

(മുഖ്യമന്ത്രി വോയ്സ്)

PRD TVPM

നന്ദി പ്രമേയ ചർച്ച പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞ സഭ സംസ്ഥാന ബജറ്റ് അവതരണത്തിനായി അടുത്ത മാസം ഏഴിനാകും വീണ്ടും ചേരുക.

*****************************

## ഹെഡ്ലൈൻ-1എ

### വി ഡി സതീശൻ നിയമസഭ

നയപ്രഖ്യാപന പ്രസംഗത്തിൽ ആവർത്തന വിരസതയും നയമില്ലായ്മയുമാണുള്ളതെന്നും, എന്തു പ്രഖ്യാപിച്ചാലും നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥയിലാണ് കേരളമെന്നും പ്രതിപക്ഷനേതാവ് വി.ഡി സതീശൻ. നന്ദി പ്രമേയത്തെ എതിർത്തുകൊണ്ട് നിയമസഭയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നികുതി പിരിവിൽ സംസ്ഥാനം ദയനീയമായി പരാജയപ്പെട്ടതായും, രൂക്ഷമായ വിലക്കയറ്റം ഉണ്ടാകുമ്പോളും വിപണി ഇടപെടൽ നടത്താൻ സർക്കാരിന് കഴിയുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. 550 രൂപയ്ക്ക് പിപിഇ കിറ്റ് നൽകാൻ തയ്യാറായ കമ്പനിയെ ഒഴിവാക്കിയാണ് കോവിഡ് കാലത്ത് 1550 രൂപയ്ക്ക് പിപിഇ കിറ്റ് വാങ്ങിയതെന്ന വിമർശനവും പ്രതിപക്ഷനേതാവ് ഉന്നയിച്ചു.

*****************************

## ഹെഡ്ലൈൻ-2

### വീണാ ജോർജ്.-നിയമസഭ

കോവിഡ് കാലത്ത് കൂടിയ തുകയ്ക്ക് പിപിഇ കിറ്റ് വാങ്ങിയെന്ന സിഎജി റിപ്പോർട്ട് തള്ളി ആരോഗ്യമന്ത്രി വീണാ ജോർജ്. പിപിഇ കിറ്റിനടക്കം ദൗർലഭ്യം നേരിട്ടപ്പോൾ എങ്ങനെയും അത് സംഭരിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിച്ചതെന്ന് മന്ത്രി നിയമസഭയിൽ പറഞ്ഞു. കോവിഡിനെ ഫലപ്രദമായി

RNU TVPM

കൈകാര്യം ചെയ്ത സംസ്ഥാനമാണ് കേരളമെന്നും നന്ദി പ്രമേയ ചർച്ചക്കിടെ മന്ത്രി വ്യക്തമാക്കി. കാലാവധി കഴിഞ്ഞ മരുന്ന് സംസ്ഥാനത്ത് വിതരണം ചെയ്തെന്ന സിഎജി റിപ്പോർട്ടിലെ ആരോപണവും മന്ത്രി തള്ളി.

*****************************

## ഹെഡ്ലൈൻ-3

### റിപ്പബ്ലിക്

റിപ്പബ്ലിക് ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യതലസ്ഥാനം. രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യവും, സൈനിക ശക്തിയും പ്രകടമാക്കുന്ന റിപ്പബ്ലിക് ദിന പരേഡിന്റെ ഫുൾഡ്രസ് റിഹേഴ്സൽ കർത്തവ്യപഥിൽ ഇന്ന് നടന്നു. ജനുവരി 26 ന് രാവിലെ പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിലെ ദേശീയ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം സമർപ്പിച്ച ശേഷമായിരിക്കും പരേഡ് ആരംഭിക്കുക. കർത്തവ്യ പഥിൽ നടക്കുന്ന മാർച്ച് പാസ്റ്റിൽ രാഷ്ട്രപതി ദ്രൗപദി മുർമു സേനാവിഭാഗങ്ങളുടെ അഭിവാദ്യം സ്വീകരിക്കും. ഇന്തോനേഷ്യൻ പ്രസിഡൻറ് പ്രബോവോ സുബിയാന്തോ ചടങ്ങിൽ മുഖ്യാതിഥിയാവും. 31 നിശ്ചലദൃശ്യങ്ങളും പരേഡിൽ അണിനിരക്കുന്നുണ്ട്. സമൂഹത്തിന്റെ നാനാതുറയിൽ നിന്നുള്ള 10,000 പേർ റിപ്പബ്ലിക് ദിന പരേഡ് വീക്ഷിക്കാൻ പ്രത്യേക ക്ഷണിതാക്കളായെത്തും. കേരളത്തിൽ നിന്നും 150-ഓളം പേർക്കാണ് ഇതിനായി ക്ഷണം ലഭിച്ചത്.

*****************************

### റിപ്പബ്ലിക് ജെഷിത (ഇൻട്രോ)

റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ വിശിഷ്ടാതിഥിയായി പങ്കെടുക്കാൻ കേരളത്തിൽ നിന്നും അവസരം ലഭിച്ച

RNU TVPM

നെടുമങ്ങാട് ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ ഇ. ജിഷിത ആകാശവാണിയോട്....

(ഹോൾഡ്)

******************************

**പരാക്രം ദിവസ്**

നേതാജി സുഭാഷ് ചന്ദ്രബോസിന്റെ 128 ആം ജന്മവാർഷികദിനം രാജ്യം ഇന്ന് പരാക്രം ദിവസായി ആഘോഷിച്ചു. രാഷ്ട്രപതി ഉപരാഷ്ട്രപതി പ്രധാനമന്ത്രി തുടങ്ങിയ പ്രമുഖർ നേതാജിക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ചു.

******************************

**ഹെഡ്ലൈൻ-4**

**സ്കൂൾ കായിക മേള വിലക്ക്-ശിവൻകുട്ടി**

സംസ്ഥാന സ്കൂൾ കായിക മേളയുടെ സമാപന ചടങ്ങിൽ ഉണ്ടായ അനിഷ്ട സംഭവങ്ങളെ തുടർന്ന്, രണ്ട് സ്കൂളുകൾക്ക് ഏർപ്പെടുത്തിയ വിലക്ക് നീക്കി ഒരാഴ്ചയ്ക്കകം ഉത്തരവിറക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. തിരുനാവായ നാവാമുകുന്ദ സ്കൂളിന്റെയും, കോതമംഗലം മാർബേസിൽ സ്കൂളിന്റെയും വിലക്കാണ് നീക്കാൻ തീരുമാനമായത്. സംഭവത്തിന് നേതൃത്വം നൽകിയ അധ്യാപകരുടെ വീഴ്ച പരിശോധിക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായും, റിപ്പോർട്ട് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ നടപടി കൈക്കൊള്ളുമെന്നും അദ്ദേഹം വ്യക്തമാക്കി.

******************************

**വീണാ ജോർജ്**

RNU TVPM

മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനത്തിനകം സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കുമെന്ന് മന്ത്രി വീണാ ജോർജ്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള പോഷ് ആക്ട് പ്രകാരമാണ് നടപടി. പത്തോ അതിലധികമോ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളിലും ഇന്റേണൽ കമ്മിറ്റി ഉണ്ടായിരിക്കണമെന്നാണ് നിയമം അനുശാസിക്കുന്നത്.

*****************************

## കേരള ലിറ്ററേച്ചർ ഫെസ്റ്റിവെൽ

ഡി.സി ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന്റെ എട്ടാം പതിപ്പിന് കോഴിക്കോട് ബീച്ചിൽ തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിൽ ഉദ്ഘാടനം നിർവഹിച്ചു. കോഴിക്കോടിന് യുനെസ്കോയുടെ സാഹിത്യനഗരപദവി ലഭിക്കുന്നതിന് കെ എൽ എഫ് സഹായകരമായതായി മുഖ്യമന്ത്രി പറഞ്ഞു.

RNUTVPM

*****************************

## സിയാൽ

റിപ്പബ്ലിക് ദിനാചരണത്തോട് അനുബന്ധിച്ച് കൊച്ചി ഉൾപ്പെടെയുള്ള എല്ലാ വിമാനത്താവളങ്ങളിലും വരും ദിവസങ്ങളിൽ സുരക്ഷാ പരിശോധനകൾ വർധിപ്പിച്ചതായി സിയാൽ അറിയിച്ചു. ഈ സാഹചര്യം കണക്കിലെടുത്ത് യാത്രക്കാർ വിമാനത്താവളത്തിൽ നേരത്തെ എത്തിച്ചേരണമെന്നും നിർദ്ദേശമുണ്ട്.

*****************************

## മുനമ്പം കമ്മീഷൻ പൊതുഹിയറിംഗ്

മുനമ്പം ഭൂപ്രശ്നം സംബന്ധിച്ച് സർക്കാർ നിയോഗിച്ച സി.എൻ. രാമചന്ദ്രൻ നായർ കമ്മീഷന്റെ സിറ്റിംഗ് പൂർത്തിയായി. വിഷയവുമായി ബന്ധപ്പെട്ട പരാതികളും അഭിപ്രായങ്ങളും കമ്മീഷന് നേരിട്ട് സമർപ്പിക്കാൻ ജനുവരി 30 വരെ അവസരമുണ്ടായിരിക്കും.

****************************

**തലശ്ശേരി മലബാർ കാൻസർ സെന്റർ (ഇൻട്രോ)**

തലശ്ശേരി മലബാർ കാൻസർ സെന്റർ പി ജി ഇൻസ്റ്റിറ്റ്യൂട്ട് ആയി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച ട്രീറ്റ്മെന്റ് ആൻഡ് അക്കാദമിക് ബ്ലോക്ക് ശനിയാഴ്ച മുഖ്യമന്ത്രി പിണറായി വിജയൻ നാടിനു സമർപ്പിക്കും. 97 കോടി 55 ലക്ഷം രൂപ ചെലവഴിച്ച് നാല് നിലകളിലായി നിർമ്മിച്ച കെട്ടിട സമുച്ചയത്തിൽ അത്യാധുനിക ചികിത്സാ സംവിധാനങ്ങളാണ് ഒരുക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ**

(വോയിസ്)

****************************

**ഹെഡ്‌ലൈൻ-5**

**ദേശീയ ഗെയിംസ്**

38-ാമത് ദേശീയ ഗെയിംസിന്റെ ഉദ്ഘാടച്ചടങ്ങിൽ അന്താരാഷ്ട്ര ബാസ്കറ്റ്ബാൾ താരം പി.എസ് ജീന കേരളത്തിനായി പതാകയേന്തും. 550 അംഗ സംഘമാണ് 29

RNU TVPM

ഇനങ്ങളിലായി സംസ്ഥാനത്ത് നിന്നും ഗെയിംസിൽ പങ്കെടുക്കുന്നത്. ആദ്യ സംഘം ഇന്ന് നെടുമ്പാശേരിയിൽ നിന്ന് വിമാനമാർഗം പുറപ്പെട്ടു. ഈ മാസം 28 മുതൽ ഫെബ്രുവരി 14 വരെ ഉത്തരാഖണ്ഡിലാണ് ദേശീയ ഗയിംസ് നടക്കുക.

*****************************

## ഹെഡ്ലൈൻ-6

### രഞ്ജി ട്രോഫി - ക്രിക്കറ്റ്

തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കുന്ന രഞ്ജി ട്രോഫി ക്രിക്കറ്റ് ഗ്രൂപ്പ് മത്സരത്തിന്റെ ആദ്യ ദിനത്തിൽ മധ്യപ്രദേശിനെതിരെ കേരളം ശക്തമായ നിലയിൽ. ആദ്യ ഇന്നിങ്സിൽ മധ്യപ്രദേശ് 160 റൺസിന് പുറത്തായി. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കേരളം ഇന്ന് കളി അവസാനിക്കുമ്പോൾ വിക്കറ്റ് ഒന്നും നഷ്ടപ്പെടാതെ 54 റൺസെന്ന നിലയിലാണ്.

RNU TVPM

*****************************

### ഐഎസ്എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് ജംഷഡ്പൂർ എഫ്.സി യെ നേരിടും. ഹൈദരാബാദിലെ ജി.എം.സി ബാലയോഗി സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ്

*****************************

### ഓഹരി+സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 115 പോയിന്റ് ഉയർന്ന് 76,520 ലും, നിഫ്റ്റി 50 പോയിന്റ് നേട്ടത്തിൽ 23,205 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവിലയിൽ

മാറ്റമില്ല. പവന് 60,200 രൂപയും ഗ്രാമിന് 7,525 രൂപയുമാണ് ഇന്നത്തെ വില.

*****************************

## മലയോര സമര പ്രചരണ യാത്ര

പ്രതിപക്ഷനേതാവ് വിഡി സതീശൻ നയിക്കുന്ന യു.ഡി.എഫിന്റെ മലയോര സമര പ്രചരണ യാത്ര മറ്റന്നാൾ കണ്ണൂർ കരുവഞ്ചാലിൽ നിന്നാരംഭിക്കും. എ ഐ സി സി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ യാത്ര ഉദ്ഘാടനം ചെയ്യും.

*

**************

*******************************************

RNU TVPM